# പ്രോജക്ട് പ്രഗതി അപേക്ഷകർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

പ്രോജക്റ്റ് 'പ്രഗതി' കേരളത്തിലെ പട്ടിക വർഗ വിഭാഗത്തിലെ യുവതി യുവാക്കൾക്ക് ഡിജിറ്റൽ സാങ്കേതിക വിദ്യാ പരിശീലനം നൽകുന്നതിനായി പട്ടിക വർഗ വികസന വകുപ്പ് (STDD), ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള (DUK) എന്നിവയുടെ സഹകരണത്തോടെ നടപ്പാക്കുന്ന ഒരു പദ്ധതിയാണ്.

## പ്രഗതി പദ്ധതിയിൽ ലഭ്യമാകുന്ന കോഴ്സുകൾ:

- പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ബ്ലോക്ക്ചെയിൻ ടെക്നോളജി
- സർട്ടിഫിക്കറ്റ് ഇൻ പി സി ബി ഡിസൈൻ
- പി.ജി. ഡിപ്ലോമ ഇൻ സൈബർ സെക്യൂരിറ്റി

## അർഹത:

കേരളത്തിലെ 18–30 വയസ്സുള്ള, ബിരുദധാരികളായ പട്ടിക വർഗ വിഭാഗത്തിലെ യുവതി യുവാക്കൾക്ക് മാത്രം.

## പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

- ഓരോ അപേക്ഷകനും ഒരേസമയം ഒരു കോഴ്സിന് മാത്രം അപേക്ഷിക്കാം.

- പരിശീലനം പൂർണ്ണമായും റെസിഡൻഷ്യൽ ആയിരിക്കും – സൗജന്യ ഭക്ഷണം, താമസം നൽകും.
- കോഴ്സ് ഫീസ് ഇല്ല; എല്ലാ പരിശീലനവും സൗജന്യമായി നൽകപ്പെടും.
- **കോഴ്സ് ദൈർഘ്യം**: 1 വർഷം.
- **ഓരോ കോഴ്സിലുമുള്ള പ്രവേശനം:** ഓരോ കോഴ്സിനും 20 പേർ (മൊത്തം 60 വിദ്യാർത്ഥികൾ).
- കോഴ്സുകൾ പ്രായോഗിക കഴിവുകൾ വളർത്തുന്നതിനും 100% ജോലിക്ക് വിദ്യാർത്ഥികളെ തയ്യാറാക്കുന്നതിനുമായി രൂപകൽപ്പന ചെയ്തതാണ്.
- **അധിക സഹായം:** വ്യക്തിത്വ വികസനവും, സ്പോക്കൺ ഇംഗ്ലീഷ് സെഷനുകൾ.
- വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള സർട്ടിഫിക്കറ്റുകൾ നൽകും .
- ഓരോ വിദ്യാർത്ഥിക്കും മാസത്തിൽ ₹1,000 സ്റ്റൈപൻഡ് ലഭിക്കും.
- എല്ലാ വിദ്യാർത്ഥികൾക്കും ഇന്റേൺഷിപ്പ് നിർബന്ധമാണ്.

## അഡ്മിഷൻ പ്രക്രിയ

- അപേക്ഷകർ തിരഞ്ഞെടുക്കുന്ന കോഴ്സിനായി ഒരു ഇന്റർവ്യൂ (ഓൺലൈൻ/ഓഫ്ലൈൻ) നേരിടേണ്ടതുണ്ട്.
- ഇന്റർവ്യൂക്ക് ശേഷം റാങ്ക് ലിസ്റ്റ് & വെയ്റ്റിംഗ് ലിസ്റ്റ് (ആവശ്യമായാൽ) പ്രസിദ്ധീകരിക്കും.
- തിരഞ്ഞെടുക്കപ്പെട്ടവർ അന്തിമ അഡ്മിഷനായി ആവശ്യമായ രേഖകൾ സമർപ്പിക്കണം.

## അഡ്മിഷനിൽ സമർപ്പിക്കേണ്ട രേഖകൾ

1. ബിരുദ സർട്ടിഫിക്കറ്റ്
2. ആധാർ കാർഡ്
3. ജാതി സർട്ടിഫിക്കറ്റ്
4. പാസ്പോർട്ട് സൈസ് ഫോട്ടോ – 1 എണ്ണം

## ശ്രദ്ധിക്കുക:

- ഓരോ അപേക്ഷകനും ഒരു അപേക്ഷ മാത്രം സമർപ്പിക്കാം.
- അപൂർണ്ണമായ അപേക്ഷകൾ അല്ലെങ്കിൽ ആവശ്യമായ രേഖകൾ സമർപ്പിക്കാൻ പരാജയപ്പെടുന്നത് അയോഗ്യതയ്ക്ക് കാരണമാകും.
- കൂടുതൽ വിവരങ്ങൾക്കും അപ്ഡേറ്റുകൾക്കുമായി, വെബ്സൈറ്റ് പതിവായി പരിശോധിക്കുക.